## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2990 — 11.12.2014 ൽ മറുപടിയ്ക്ക്

### അനാദായകരമായ സ്കൂളുകൾ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.സി. കെ. സദാശിവൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര അനാദായ കരമായ സ്കൂളുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുള്ളത്; | (എ) ഒരു ക്ലാസ്സിൽ 15 ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ ഉണ്ട്. |
| (ബി) ഇവയിൽ എത്രയെണ്ണം ഫോക്കസ് പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്; | (ബി) ഒന്നാംഘട്ടമായി 1568 വിദ്യാലയങ്ങളെ ഫോക്കസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ പ്രവർത്തനം നിരോധിച്ച് അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകിയ ശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. അനാദായകരമായ സ്കൂളുകളെ സംരക്ഷിക്കാൻ ഉദ്ദേശിച്ചാണ് ഫോക്കസ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ